# പറയാതെ പറയാൻ കൊതിച്ചത്



# ആശംസകൾ

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീമിന്റെ എളിയ സംരംഭമായ "പറയാതെ, പറയാൻ കൊതിച്ചത്" എന്ന ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഒപ്പം പിന്നിൽ പ്രവർത്തിച്ച വിദ്യാർഥികൾക്കും അധ്യാപകർക്കും ഭാവുകങ്ങളും നേരുന്നു.

ഹരികുമാർ പി

പ്രധാനധ്യാപകൻ.

## ആമുഖം

ഇത് കൗമാര കാലത്തിന്റെ തോന്നലുകൾ മാത്രമാണ്.കവിതയെന്നോ, കഥയെന്നോ, മറ്റേതെങ്കിലും സർഗ്ഗാത്മകരചനയെന്നോ പേര് വിളിക്കാൻ പറ്റാത്തവ. പക്ഷേ ഇത് ഞങ്ങളുടെ ഹൃദയത്തിലേറ്റിയ ചാരിതാർഥ്യം ചെറുതൊന്നുമല്ല. ഇതിൽ എവിടെയോക്കെയോ എഴുത്തിന്റെ വലിയ ലോകത്തേക്ക് പിച്ചവെക്കുന്നതിന്റെ ശബ്ദങ്ങൾ പതിയിരിക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ ചിറകുകളിൽ ഇതിനെ കൊരുത്തുവിടുകയാണ് ഞങ്ങൾ. മൗസിൻമേൽ വിരൽ അമർത്തുമ്പോൾ മോണിറ്ററിൽ മിന്നി മറഞ്ഞുപോകുന്ന നിമിഷ കാഴ്ചകൾക്കിടയിൽ, എപ്പോഴെങ്കിലും നിങ്ങളുടെ കണ്ണുകൾ ഇതിന്റെ താളുകളിൽ ഉടക്കുമെന്ന പ്രതീക്ഷയോടെ................

പ്രദീപ് പി വി.

കൈറ്റ് മാസ്റ്റർ.

## ഉപദേശക സമിതി

ഹരികുമാർ പി(HM)
ഇന്ദുലേഖ പി സി(Snr.Asst.)
കൃഷ്ണകുമാർ കെ(Staff Secretary)
പ്രദീപ് പി വി(Kite master)

## പത്രാധിപസമിതി

| | | |
|---|---|---|
| Staff Editor | : | ബിന്ദു ജി |
| Student Editor | : | ആര്യ എം എസ് |
| Members | : | ബിനീഷ് എസ് കൈമൾ,കല സി ജി,രാധ കെ, ജസ്റ്റിൻ,നന്ദകിഷോർ,ശ്രീലക്ഷ്മി,നന്ദന, മറ്റു ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. |

## താളുകളിലൂടെ

........................................................................4
........................................................................5
പുനർജ്ജനി........................................................................7
ചങ്ങാതി........................................................................8
നിനക്കായ്........................................................................10
മൈസൂരിലേക്കൊരു യാത്ര........................................................................11
Kitty Cat,Kitty Cat........................................................................14
വേനൽ........................................................................15
കാറ്റ്........................................................................16
വിവരണം........................................................................17
പേരില്ലാ കൂട്ടുകാരി........................................................................19
തുരുത്ത്........................................................................20
മാപ്പ്........................................................................22
ആകാശച്ചിറകിലേറി........................................................................23
കടുവയെ തിന്നുന്ന മാൻ........................................................................26
THE SHADOW........................................................................28
ഒരു കൊയ് ത്തു കാലം........................................................................29
വൃദ്ധന്റെ വിലാപം........................................................................31
Friendship........................................................................32
മരവിച്ചൊരാ സ്വപ്നം........................................................................33
പിങ്കി........................................................................34
വിയർപ്പിന്റെ ഉൂക്കം........................................................................35
അപ്പുവിന്റെ മാവ്........................................................................37
കുഞ്ഞനും കൂട്ടുകാരിയും........................................................................38
പ്രളയം........................................................................39
കുറുമാറ്റം........................................................................42

## പുനർജ്ജനി

എനിക്കൊന്നു പുനർജ്ജനിക്കണം
വാക്കായ് വരികളായ്
ചിന്തകളുടെ പ്രവൃത്തികളുടെ
ഉടമസ്ഥനായ് പുനർജ്ജനിക്കണം
ഉറക്കെ ചിരിക്കുവാൻ ഉറക്കെക്കരയുവാൻ
തനിച്ചുനടക്കുവാൻ
എനിക്കൊന്ന് പുനർജ്ജനിക്കണം
ആജ്ഞകളെ ചെറുക്കണം
കണ്ണുകളെ ഭയപ്പെടാതെ
വ്യക്തിയായ് ..... മനുഷ്യനായ്
ഒരു സ്ത്രീയായി
പുനർജ്ജനിക്കണം

Diya kishor
10 D

# ചങ്ങാതി



ഒരിടത്ത് ഒരു തത്ത ഉണ്ടായിരുന്നു. ഒരു ദിവസം തത്ത ഭക്ഷണം തേടി നടക്കുമ്പോഴാണ് ഒരു കാക്ക ക്ഷീണിച്ച് മരക്കൊമ്പിലിരിക്കുന്നത് കണ്ടത് . തത്ത കാക്കയോട് ചോദിച്ചു "നീ എന്താ വിഷമിച്ചിരിക്കുന്നത് ?". അപ്പോൾ കാക്ക തന്റെ വിഷമങ്ങൾ തത്തയോട് പറഞ്ഞു. "ഞാൻ അഞ്ചു ദിവസമായി ഭക്ഷണം കഴിച്ചിട്ട്"'.ഇതു കേട്ടപ്പോൾ തത്തയ്ക്ക് അത്ഭുതമായി. "അഞ്ചുദിവസമായി ഒന്നും കഴിച്ചിട്ടില്ലെന്നോ?". തത്ത കാര്യമന്വേഷിച്ചു. അപ്പോൾ കാക്ക പറഞ്ഞു. "ഞാൻ വിശന്ന് വലഞ്ഞപ്പോൾ ചക്കപ്പഴം കൊത്തിവിഴുങ്ങി. തീറ്റകഴിഞ്ഞപ്പോഴേക്കും എന്റെ ചുണ്ടിൽ അരക്ക് പറ്റിപ്പിടിച്ചു".ഇപ്പോൾ എന്ത് കൊത്തിയാലും എന്റെ ചുണ്ടിലിരിക്കുകയേയുള്ളൂ.ഇതു കേട്ടപ്പോൾ തത്തയ്ക്ക് വിഷമമായി.തത്ത പറഞ്ഞു. "ഞാൻ നിന്നെ സഹായിക്കാം."

## പറയാതെ, പറയാൻ കൊതിച്ചത്.



തത്തയുടെ കൂർത്ത ചുണ്ടുകൊണ്ട് കാക്കയുടെ ചുണ്ടിലെ അരക്ക് കൊത്തി മരക്കൊമ്പിൽ തേച്ചുകളഞ്ഞു. ഭക്ഷണം കഴിക്കാതെ ക്ഷീണിതനായ കാക്കയ്ക്ക് തത്ത തന്റെ കൈയിൽ ഉണ്ടായിരുന്ന ഭക്ഷണം കൊടുത്തു. ഭക്ഷണം കഴിച്ച് ക്ഷീണമെല്ലാം പോയ കാക്ക തത്തയോട് പറഞ്ഞു. “നമുക്ക് ഈ കാട്ടിൽ നല്ല ചങ്ങാതിമാരായി കഴിയാം.” തത്ത സങ്കടത്തോടെ പറഞ്ഞു. “അതുപറ്റില്ല ചങ്ങാതി.എന്റെ യജമാനൻ എന്നെ കാത്തിരിപ്പുണ്ടാവും.”ഇത്രയും പറഞ്ഞ് തത്ത യാത്രയായി.തന്റെ നല്ല ചങ്ങാതിയുടെ പോക്കുനോക്കി കാക്ക ആ മരക്കൊമ്പിൽ ദുഃഖിതനായിരുന്നു.

## നിനക്കായ്

നിനക്കായ്

ഒരു പനിനീർ പൂവിന്റെ

ഇതളിൽ നീന്നുതിരുന്ന

ഒരു മഞ്ഞുതുള്ളിയായ് നീ മാറിയെങ്കിൽ...



## മൈസൂരിലേക്കൊരു യാത്ര

വെക്കേഷൻ സമയം,മൈസൂരിലേക്ക് ഞങ്ങളെല്ലാവരും യാത്ര തിരിച്ചു. ആദ്യമായി കുശാൽ നഗറിൽ ചെന്നു. മനോഹരമായ പല പല കളറുകളിൽ നിർമിച്ച കെട്ടിടങ്ങൾ. ഞങ്ങളെല്ലാവരും അതിനകത്തു കയറി. വളരെ മനോഹരമായ മൂന്ന് പ്രതിമകൾ. അതിനുള്ളിൽ നിന്ന് നോക്കിയാൽ ആ ഉയരമുള്ള കെട്ടിടത്തിന്റെ മുകൾ വശം കാണാം. കുറേ സന്ന്യാസി കുട്ടികൾ അവിടെ പഠിക്കുന്നു. അവിടെ നിന്ന് ചാമുണ്ഡേശ്വരി അമ്പലത്തിലേക്ക് യാത്ര തിരിച്ചു. അവിടെ ഉയരത്തിൽ കാണപ്പെട്ട കെട്ടിടങ്ങൾ വളരെ മനോഹരമായിരുന്നു. നല്ല തിരക്കായതിനാൽ തൊഴാൻ പറ്റിയില്ല. എത്ര ജനങ്ങളാണ് ചാമുണ്ഡേശ്വരിയമ്മയെ കാണാൻ എത്തുന്നത് .

പിന്നെ നേരെ മൈസൂർ പാലസിലേക്ക് . അവിടേക്ക് പോകുന്ന വഴിയിൽ കുതിര വണ്ടികളുടെ പ്രവാഹമാണ്. നമ്മുടെ നാട്ടിലൊക്കെ സ്റ്റാന്റിൽ ഓട്ടോ പാർക്ക് ചെയ്യുന്നതുപോലെയാണ് ഇവിടെയും കുതിര വണ്ടികൾ വരിവരിയായിട്ടാണ് നിൽക്കുന്നത്. മൈസൂർ പാലസിലെത്തി എത്ര

**പറയാതെ, പറയാൻ കൊതിച്ചത്.**

മനോഹരമായ ഉയരമുള്ള വിശാലമായ കെട്ടിടം. അരികിൽ വർണഭംഗിയാർന്ന പൂക്കൾ. പാലസിലേക്ക് കയറുമ്പോൾ ഒരു കുടുംബക്കാരുടെ ചെരുപ്പുകളെല്ലാം ഒരു കുട്ടയിലാക്കി ആ കുട്ടയുടെ നമ്പർ നമ്മുക്ക് തരും. പാലസിലേക്ക് കയറിയാൽ ക്യൂവിൽ നടന്നു വേണം കാണാൻ. പണ്ടിവിടം ഭരിച്ചിരുന്ന രാജാക്കൻമാരുടെ ആയുധങ്ങളും, അവരുടെ ഓരോ കഥകളും എല്ലാമാണ് അവിടെ ചിത്രീകരിച്ചിരിക്കുന്നത്. പടികൾ കയറുമ്പോൾ ലൈറ്റുകളാൽ നിർമ്മിക്കപ്പെട്ട ഹാൾ.അവിടെ മുകളിൽ ചെറിയ ചെറിയ കണ്ണാടികളും ഉണ്ട്. ഓരോരുത്തരും പാലസ് കണ്ടിറങ്ങുമ്പോൾ അടുത്തയാൾക്കകാരും കയറികൊണ്ടിരുന്നു. ഈ കാഴ്ചകളെല്ലാം എത്ര മനോഹരമാണ്. വെക്കേഷൻ സമയത്ത് ഇങ്ങോട്ടുള്ള ഈ യാത്ര എനിക്ക് വളരെ ഇഷ്ടമായി. പാലസുകളാലും, അമ്പലങ്ങളാലും അങ്ങനെ പല തരം വിസ്മയകാഴ്ചകളുമായി നിർമ്മിക്കപ്പെട്ട ഈ മൈസൂർ അതൊന്ന് വേറെ തന്നെയാണ്. മൈസൂർ സന്ദർശിച്ച ശേഷം അവിടുത്തെ വിശാലതവിട്ട് ഞങ്ങൾ നാട്ടിലേക്ക് യാത്ര തിരിച്ചു.

അശ്വതി മനോജ്

8D

പറയാതെ, പറയാൻ കൊതിച്ചത്.



## Kitty Cat,Kitty Cat

Kitty Cat,Kitty Cat,where have you been?
Out to the barn to visit a friend
Kitty Cat,Kitty Cat,what did you do?
I watched the cow when she said,moo

Kitty Cat,Kitty Cat,why did she say that?
I do not know ,I am just a cat
Kitty Cat,Kitty Cat, do you have fun?
Oh my, yes I am up with sun

So, Kitty Cat,Kitty Cat,do you stay?
Oh my yes I just love the farm
Then Kitty Cat ,Kitty Cat what do you there?
Catch all the mice that are everywhere.

Rose Mariya Baby
10 A

# വേനൽ

വൃക്ഷത്തലപ്പുകൾ വരണ്ടുണങ്ങി
നറുപുഷ്പങ്ങൾ തൻ ജീവനറ്റു
ഒരു തുള്ളി ജീവജലത്തിനായ്
വെമ്പുന്നു ജീവജാലങ്ങൾ.
ജ്വരയിലാർന്നു ധരണി
വരണ്ടുണങ്ങി നിലങ്ങൾ
ഈ സന്താപകാഴ്ചകണ്ട്
നിറഞ്ഞു ഭൂമിതൻ കണ്ണുകൾ
ആ ചുടുകണ്ണുനീരെങ്കിലും
ഒരിറ്റു ജലമായ് പെയ്തിരുന്നെങ്കിൽ
തെളിനീരിനായ് വെമ്പുന്നൊരെൻ
മനസ്സു മന്ത്രിച്ചു .
കൊഴിഞ്ഞ മുല്ലയും തുമ്പയും
പൂക്കുമോ ഇനിയെങ്കിലും
രോദനം തീർക്കാനെങ്കിലും ഭൂമി
ഒരിറ്റു കണ്ണുനീർ പൊഴിക്കുമോ.



## കാറ്റ്

മന്ദമായി നീവന്നു തലോടിയെൻ മന്ദഹാസത്തിൻ
കണ്ണിലെ അഞ്ജന നീലിമയിലൽ
കലർന്നു നിൻ വെഞ്ചാമര സ്പർശം
ഏകയായി എൻ നിശ്ചലചിത്തത്തിൽ
നീ വന്നാടി ഒരാശ്വാസ സ്പർശമായി

## വിവരണം

2017 – ലെ ഓഖി ചുഴലികാറ്റിനെത്തുടർന്ന് ലോകത്തെ മാറ്റിമറിച്ച ഒന്നാണ് 2018-ലെ മഹാപ്രളയവും. ഓഖി ചുഴലിക്കാറ്റിലുണ്ടായ അതെ കഷ്ടതകൾ തന്നെ ഈ പ്രളയത്തിലും കേരളത്തിന് നേരിടേണ്ടി വന്നു.ഈ പ്രളയം മൂലം കടൽതീരത്തുള്ളവരാണ് കൂടുതൽ ദുരിതം അനുഭവിച്ചത്.ഈ പ്രളയത്തിലൂടെ ഒരുപാട് പേരുടെ വീടുകൾ തകരുകയും ഒരുപാട് നാശനഷ്ട്ടം വിതക്കുകയും ചെയ്തു.വീടിനും സമ്പത്തിനും മാത്രമല്ല,ഒരുപാട് പേരുടെ ജീവനും കണ്ണീരിനും തന്നെ പ്രളയം കാരണമായി മാറി.ജനങ്ങൾ സ്വന്തം ജീവൻ നോക്കാതെയാണ് മറ്റുള്ളവരെ വെള്ളത്തിൽ നിന്നും രക്ഷിച്ചത്.






പട്ടാളക്കാരുടെ ഭാഗത്തു നിന്നും ഒരുപാട് സഹായങ്ങൾ ജനങ്ങൾക്ക് ലഭിച്ചിരുന്നു.അവർക്കാവിശ്യമായ ഭക്ഷണവുമെല്ലാം അവർ ഹെലികോപ്റ്റർ വഴി ജനങ്ങൾക്ക് എത്തിച്ചിരുന്നു.കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിച്ചിരുന്നു.പ്രളയ ബാധിത പ്രദേശങ്ങലിൽ ജനങ്ങൽക്കുവേണ്ടി ഒട്ടേറെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു.പ്രളയത്തിലൂടെ പല വീടുകളിലും

പറയാതെ, പറയാൻ കൊതിച്ചത്.

ഉണ്ടായ മാലിന്യങ്ങളിലൂടെ പകർച്ചവ്യധികൾ പ്രളയത്തിനു ശേഷം ജനങ്ങൾക്കിടയിൽ പടർന്നു.എലിപ്പനി സ്ഥിതീകരിച്ച് ഒരുപാട് പേർ മരിച്ചു.ഈ പ്രളയം ജനങ്ങളെ മാത്രമല്ല കേരളമെന്ന സംസ്ഥാനത്തെക്കൂടി തകർത്തുകളഞ്ഞു.പല നൂറ്റാണ്ടുകൾ കൊണ്ട് പണിതെടുത്തത് എല്ലാം ഒരു നിമിഷത്തിലാണ് തകർന്നിടിഞ്ഞത്.ഈ പ്രളയത്തിലൂടെ അവർ വേർപാടിന്റെ ദുഃഖങ്ങളും വേദനകളും എന്തെന്ന് ഒരുപാട് മനസ്സിലാക്കിയിരിക്കും.

DHANA SREE S.G
8A

## പേരില്ലാ കുട്ടുകാരി

*പുറത്ത് നല്ല മഴയായിരുന്നു. ഇന്ന് എന്താണാവോ രാഘവേട്ടൻ വലിയ ഗൗരവത്തിൽ ആണല്ലോ, എന്നും ലഭിക്കുന്ന ബിസ്കറ്റ് എനിക്ക് കിട്ടിയില്ല അമ്മാളു ഓടിവന്ന് പാൽ ഒഴിച്ചു തന്നു. സീത ചേച്ചിയും എന്നോട് മിണ്ടിയില്ല ഞാൻ എന്തു ചെയ്തു? രാത്രിയിൽ ബഹളം വെച്ചില്ല. പിന്നെ എന്താ എല്ലാവരും എന്നോട് മിണ്ടാത്തത് പിന്നെയും മഴ കൂടിവന്നു ശക്തമായ കാറ്റും. എല്ലാവരും സാധനങ്ങളൊക്കെ എടുക്കുന്നു എന്തുപറ്റി എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ഉറങ്ങാൻ തുടങ്ങി പെട്ടെന്ന് എൻറെ കൂടിന്റെ അടിയിൽ കൂടി വെള്ളം ഒഴുകാൻ തുടങ്ങി. പെട്ടെന്ന് രാഘവേട്ടൻ വന്നു. എനിക്ക് പേടിയായി ഞാൻ കിടക്കുന്ന ഇടം നനച്ചുകൊണ്ട് വെള്ളം ഒഴുകാൻ തുടങ്ങി. രാഘവേട്ടൻ എന്നെ നോക്കി ഓടിവന്ന് എന്നെ എടുത്തു പുരയിൽ കൊണ്ടാക്കി. ഞാൻ സന്തോഷത്തോടെ ഓടിനടന്നു . സീത ചേച്ചി വിതുമ്പുന്നു. അമ്മാളു വെള്ളത്തിൽ കാല് അനക്കി കളിക്കുന്നു. എല്ലായിടത്തും വെള്ളം പൊങ്ങുന്നു എനിക്ക് സങ്കടമായി. വണ്ടി വരുന്നു എല്ലാവരും അതിൽ കയറിപ്പോകുന്നു തൊട്ടടുത്തുള്ള മനുവേട്ടനും മേഘ ചേച്ചിയും അവരുടെ മോനെയും എടുത്ത് കാറിൽ കയറി പോയി. പെട്ടെന്ന് ഞാൻ തിരിഞ്ഞുനോക്കി. എൻറെ കൂട്ടുകാരിയെ അവർ കൂട്ടിൽ തന്നെ ഇട്ടിട്ടു പോയിരിക്കുന്നു. എനിക്ക് സങ്കടമായി, ഞാൻ ഒച്ചയിട്ടു ഓടി അവളുടെ കൂടിന്റെ അടുത്തുചെന്നു. വെള്ളം വലിയ ശബ്ദത്തോടെ വരുന്നു എനിക്ക് അവളെ രക്ഷിക്കാൻ സാധിക്കില്ല... രാഘവേട്ടൻ ഓടിവരുന്നു എന്നെയും, അവളെയും കൂട്ടിൽനിന്ന് എടുത്ത് വലിയ വിഷമത്തോടെ രാഘവേട്ടന്റെ തൊട്ടി വണ്ടിയിൽ കേറ്റി. എനിക്ക് സന്തോഷമായി . ഞാൻ അവളെ വലിയ ഗമയോടെ നോക്കി. പക്ഷേ, അവൾ കരയുകയായിരുന്നു.....!*

## തുരുത്ത്

(ബെന്യാമിൻെറ മഞ്ഞവെയിൽ മരണങ്ങൾ വായിച്ചപ്പോൾ എഴുതിയത്)

മെൽജോ
ഓർക്കാപ്പുറത്തുകണ്ട
മരണത്തിൻെറ
പിമ്പേപോയവൻ.
നിമിത്തങ്ങളിൽ വിശ്വസിക്കാത്തവൻ.
നിരുപദ്രവകാരി.പെൺ
ചൊല്ലുകൾക്കു മുൻപിൽ
ഉരിയാടാത്തവൻ.
പ്രണയിച്ചവളേയും
അവളുടെ മോഹങ്ങളേയും
തിരിച്ചറിയാത്തവൻ.
നാമജപങ്ങളിൽ വിശ്വസിക്കാത്തവൻ.
ജനഹിതം തീണ്ടാത്തവൻ.
മഞ്ഞവെയിലിൽ
മരിക്കാതെ മരിച്ചവൻ.....
കൗതുകങ്ങളിൽ
വേരുതിരിഞ്ഞ് , മെൽവിനെ
പറയാതെ പ്രണയിച്ച്,
വൻകരകളിലെ ഗ്രാമ
തുരുത്തുകളിൽ,
എവിടെയാണ് നീ
അലയുന്നത്..?
ആവാഹനവും മന്ത്രവും
വരിഞ്ഞമുറുക്കിയ നിൻെറ
പ്രതികാരങ്ങൾക്ക്
കാതില്ലല്ലോ..?

പറയാതെ, പറയാൻ കൊതിച്ചത്.

നി കർണ്ണൻ.നിൻെറ വല്യ-

പപ്പ ദ്രൗണിയും.....

ഡീഗേയിലെ

പഴതാരവീഥികളിലൂടെ

പാമ്പ് ചാലിലൂടെ

വരച്ചിട്ട 'അൻപി'ൻെറ

രേഖകൾ ചേക്കേറിയ

ചെറിയൊരു തുരുത്തുണ്ട്

പക്ഷെ, അതെൻെറ

ഹൃദയമാണ്.......

---സുരേഷ് ബാബു

ആലക്കോട്.

## മാപ്പ്

*കടലായി      കനലായി*
*പെയ്തൊഴിയും മഴയായി*
*ഭൂമിയെ തൊട്ടുണർത്തി.*
*മനുഷ്യവിഷസർപ്പങ്ങൾ തൻ*
*സ്വാർത്ഥ പ്രവൃത്തിയാൽ*
*ക്ഷമപൂണ്ടിരുന്നൊരു അമ്മയാം പ്രകൃതി*
*സഹനശക്തി കെട്ടമ്മ തൽക്ഷണം*
*രുദ്രയായിക്രോധാഗ്നിയിൽ ചുട്ടുകരിച്ചമ്മ സർവവും*
*അതിജീവനത്തിൻ പാതയിൽ നാമിന്ന്*
*ജാതിപാതാളത്തെ നീക്കി മതഭ്രാന്തത അകറ്റി*
*ഐക്യമെന്തെന്നറിഞ്ഞു സോദരെ*
*മാപ്പു നൽകൂ അമ്മേ മാപ്പ്!*

*ആർദ്ര ശശിധരൻ*
*10 C*

## ആകാശച്ചിറകിലേറി

വർഷങ്ങൾക്ക് മുൻപ്,കൃത്യമായി പറഞ്ഞാൽ ഏകദേശം "8" വർഷങ്ങൾക്ക് മുൻപ് അച്ഛന്റെ അടുത്തേക്ക് പോകുന്ന ആവേശത്തിലായിരുന്നു ഞാനും അച്ഛനും.ഇതിനുശേഷവും വിമാനയാത്ര നടത്തിയിട്ടുണ്ടെങ്കിലും ഞങ്ങളുടെ ഈ വിമാനയാത്ര ഒരിക്കലും മറക്കാൻ കഴിയാത്തതാണ്.എയർപ്പോട്ടിലെ കാഴ്ച്ചകൾ ഞങ്ങൾക്ക് പുതുമയുള്ളതായിരുന്നു ഞങ്ങൾക്ക് പോകേണ്ട പ്ലെയിൻ : എയർ ഇന്ത്യ എക്സ്പ്രസ്സ് വരാൻ വൈകിയതിനാലാണ് നടന്നും,കാത്തിരുന്നും,തളർന്ന ഞങ്ങളെ എയർപ്പോട്ടിൽ നിന്നും നിലംപറ്റിയോടുന്ന ഒരു ലോ- ഫ്ലോർ ബസിൽ കയറ്റി റൺവേയിൽ എത്തിച്ചു.ഞങ്ങൾ അവിടെ നിന്നും പ്ലെയിനിലേക്കുള്ള വലിയ




പടികൾ കയറി. സീറ്റ് നമ്പർ അനുസരിച്ച് ഇരുന്നു .ഞാനായിരുന്നു വിൻഡോ

**പറയാതെ, പറയാൻ കൊതിച്ചത്.**

-സിറ്റിൽ എനിക്ക് അവിടെ ഇരിക്കാൻ പേടി തോന്നി. എയർ ഹോസ്റ്റസ് യാത്ര നിർദ്ദേശങ്ങൾതന്നു ലാൻറിംഗിലും ബോർഡിംഗിലും സീറ്റ്ബെൽറ്റിടാൻ നിർദ്ദേശിച്ചു. വിമാനം ഉയരത്തിൽ എത്തിയതിന് ശേഷം നമ്മുക്ക് സിറ്റിൽനിന്നും എഴുന്നേറ്റ് നടക്കാം. വിൻറോ സീറ്റിൽ നിന്നും മാറാൻ വഴക്കിട്ട എന്നോട് അമ്മ പ്ലെയിൻ മുകളിലെത്തിയിട്ട് മാറാം എന്നു പറഞ്ഞു.പക്ഷെ അവിടെ ഇരുന്ന് നിന്നാൽ മാത്രം എനിക്ക് വളരെ മനോഹരമായ ആകാശദൃശ്യങ്ങൾ കാണാൻ കഴിഞ്ഞു. പഞ്ഞിക്കെട്ടുകൾ എന്ന് തോന്നുന്ന മേഘങ്ങൾക്കിടയിലൂടെ ഒരു യാത്ര! പിന്നീട് ഈ കാഴ്ച്ചകൾ എന്നെ മാറിയിരിക്കാൻ വിസമ്മതിപ്പിച്ചു പ്ലെയിൻ യാത്രക്കിടെ വളരെ സ്വാഭാവികമായി ഉണ്ടാകുന്ന ആകാശച്ചുഴിയിൽ വിമാനം പെട്ടപ്പോൾ ഞങ്ങൾക്ക് പേടി തോന്നി.ഞങ്ങൾ അമ്മയോട് പ്ലെയിൻ പൊട്ടിവീഴുമോ എന്ന് ചോദിക്കാൻ തുടങ്ങി. പേടി മറക്കാൻ സീറ്റിലിരുന്ന ഒരു മാഗസിൻ എടുത്ത് ഞങ്ങൾ നോക്കി. അതിൽ പ്ലെയിൻ ക്രാഷിൻെറ ചിത്രങ്ങളും, വിവരണങ്ങളുമായിരുന്നു. ഞങ്ങളുടെ പേടി കൂടിക്കൂടി വന്നു.

പിന്നീട് എയർ ഹോസറ്റസ് ഫുഡുമായി വന്നു. കുറച്ച് വൈറ്റ് റൈസും,ചിക്കനും,ജ്യൂസും,ബ്രഡും മറ്റുമാണ് ഭക്ഷണം.ഭക്ഷണത്തിന് ശേഷം ഞങ്ങൾ ഉറങ്ങാൻ തുടങ്ങി. ഇരുന്നുറങ്ങുക കുറച്ച് കഷ്ടമാണ് എങ്കിലും സീറ്റ് ചരിച്ച് വെച്ച് ഞങ്ങൾ ഉറങ്ങി. “5” മണിക്കൂറാണ് ഇവിടുന്ന് ബഹ്റനിലേക്ക്. പ്ലെയിനിന്റെ ലാന്റിംഗ് വളരെ പതുക്കെ,പതുക്കെ നമുക്ക് വ്യക്തമായിക്കാണാൻ കഴിയും .കടുകുമണികൾ പോലെ മനുഷ്യരെയും ഞങ്ങൾ അവിടെ “1”മണിക്ക് എത്തിച്ചേർന്നു. അതായത് ഇന്ത്യ ബഹ്റൈൻ സമയം 3:30 മണിക്കൂർ വ്യത്യാസമുള്ളതാണ്.

വരണ്ടുണങ്ങിയ ഒരു കാലാവസ്ഥ. ചുട്ടുപ്പൊള്ളുന്ന കടുത്ത ചൂടും അച്ഛൻ ചൂട് എന്ന് പറഞ്ഞപ്പോൾ ഞങ്ങൾ ഇത്രയും പ്രതീക്ഷിച്ചില്ല. അച്ഛന്റെ കാറിനുള്ളിൽ കയറിയപ്പോളാണ് കുറച്ച് ആശ്വാസം തോന്നിയത്. ഞങ്ങൾ ബഹ്റൈന്റെ തലസ്ഥാനമായ മനാമയിലെ ഫ്ലാറ്റിലേക്കുള്ള യാത്രയിൽ അവിടുത്തെ വഴികളും , കെട്ടിടങ്ങളും അതിശയത്തോടെ നോക്കികണ്ടു.

**പറയാതെ, പറയാൻ കൊതിച്ചത്.**

പവിഴദ്വീപ് എന്നറിയപ്പെടുന്ന ബഹ്റൈൻ ഗൾഫ് രാജ്യങ്ങളിലെ ഏറ്റവും ചെറിയ രാജ്യങ്ങളിലൊന്നാണ് . നമ്മുടെ കണ്ണൂർ ജില്ലയുടെ അത്രയും മാത്രം വലുപ്പം!ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരനുഭവമാണ് എന്റെ ഈ ആദ്യ വിമാന യാത്ര.


ആരതി ബി നായർ

8D

## കടുവയെ തിന്നുന്ന മാൻ

ഇളം പുല്ല് തിന്നുകയായിരുന്നു ബിമ്മിമാനും കുഞ്ഞുങ്ങളും. പെട്ടെന്ന് മഴവന്നു. പെരുമഴ. അവർ അടുത്തുകണ്ട ഗുഹയിലേക്ക് ഓടിക്കയറി.പുറത്ത് എന്തോ ശബ്ദം കേട്ട് ബിമ്മി ഞെട്ടി ഉണർന്നു.ഗുഹയിൽ നിന്ന് പുറത്തേക്ക് നോക്കി. ദൂരെ നിന്ന് കടുവച്ചാർ വരുന്നത് കണ്ടു. അയ്യോ, ഇങ്ങോട്ടാണല്ലോ വരുന്നത്. എന്റെയും കുഞ്ഞുങ്ങളുടെയും കഥ കഴിഞ്ഞതുതന്നെ. അവൾക്ക് ഒരു സൂത്രം തോന്നി. ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളെ കൊമ്പ് കൊണ്ട് മെല്ലെ കുത്തി.

കുഞ്ഞുങ്ങൾ ഉറക്കെ കരഞ്ഞു. "മിണ്ടാതെ ഉറങ്ങിക്കോ.......... ഇന്നലെയല്ലെ ഒരു കടുവയെ തിന്നത് . ഇന്നും ഞാൻ എവിടുന്നാ കടുവയെ പിടിച്ചുത്തരുക ?". ബിമ്മിമാൻ ഗുഹയിൽ നിന്ന് ഉറക്കെ പറഞ്ഞു. ഇത് കേൾക്കേണ്ടത്താമസം , കടുവച്ചാർ ഒടടാ ഓട്ടം . "ഹോ.. രക്ഷപ്പെട്ടു."ബിമ്മി പറഞ്ഞു . മരണ പാച്ചിൽ പാഞ്ഞ കടുവച്ചാർ എത്തിപ്പെട്ടത് ജിങ്കൻ കുറുക്കന്റെ മുന്നിലാണ്. "എങ്ങോട്ടാ കടുവച്ചാരെ ഓടുന്നത്?"ജിങ്കൻ ചോദിച്ചു. "എന്റെ ഗുഹയിൽ ആരോ കയറികൂടിയിട്ടുണ്ട്.കടുവയെ തിന്നുന്ന ഏതോ ഭീകരജീവി." "കടുവയെ തിന്നുന്ന ഭീകരജീവീവിയോ?".ആരെങ്കിലും നിന്നെ പറ്റിച്ചതായിരിക്കും. നീ വാ,നമ്മുക്ക് പോയി നോക്കാം.



"ഞാനില്ല എനിക്ക് പേടിയാ."കടുവച്ചാർ വിറച്ചു കൊണ്ട് പറഞ്ഞു. നിനക്ക്

**പറയാതെ, പറയാൻ കൊതിച്ചത്.**

പേടിയാണെങ്കിൽ നമ്മുടെ വാലുകൾ കൂട്ടികെട്ടാം. ജിങ്കൻ കുറുക്കൻ പറഞ്ഞു. വാലും കെട്ടിയുള്ള അവരുടെ വരവ് ദൂരെ നിന്നേ ബിമ്മി കണ്ടു. ഇത്തവണ പെട്ടത് തന്നെ . വരുന്നത് വരട്ടെ എന്ന് കരുതി അവൾ പറഞ്ഞു. **"**എന്താ കുറുക്കച്ചാ കടുവയെ കൊണ്ടുവരാമെന്ന് പറഞ്ഞ് പോയിട്ട് എത്ര നേരമായി **?**കുഞ്ഞുങ്ങൾ വിശന്നു ചാവാറായി . **"**എടാ കള്ള കുറുക്കാ നീ എന്നെ വഞ്ചിക്കുകയായിരുന്നല്ലേ .**"**ഇതും പറഞ്ഞ് കടുവ തിരിഞ്ഞോരോട്ടം. ഒന്നും അറിയാത്ത പാവം കുറുക്കൻ . ആ ഓട്ടത്തിൽ അവന്റെ ശരീരവും തലയും കല്ലിലും പാറയിലും ഒക്കെ ഇടിച്ച് ജിങ്കന്റെ കഥ കഴിഞ്ഞു .

ഇതാണ് പറയുന്നത് ,

"താൻ കുഴിച്ച കുഴിയിൽ താൻ തന്നെയെന്ന്"

*റോസ് മരിയ ബേബി*

# THE SHADOW

I have a little shadow that goes in and out with me

And what can be the use of him is more than I see

For he sometime shoot up taller like an Indian ru തമ്പ്രാന്റെbber ball

He is very,very like me from the heels up to head ;

And I see him jump before me, when I jump into my bed

The funniest thing about him is the way he likes to grow

He hasn't got a motion of children how ought to play,

He stay so close beside me,he's a coward you can see;

And he sometimes gets so little that there's none of him at all.

Swaras Baby

## ഒരു കൊയ് ത്തു കാലം

തൈ തിനിന്ത തിനിന്തനാനോ
തപ്പു കൊട്ടോ തകിലുമുട്ടോ
ചെങ്ങില തട്ടോ തുടിപ്പുപാട്ടോ
മുണ്ടകൻ കൊയ് ത്തിന്റെ കാലമായേ
കണികതിരിൻ മുഖം ചുവന്നേ
വില്ലിട്ട തമ്പ്രാൻ വരമ്പേ വന്നേ
ശിങ്കിട ശങ്കനാർ കൂടെയുണ്ടേ
തമ്പ്രാന്റെ ചുണ്ടിൽ ചൊന നിറഞ്ഞേ
ചെങ്കിടി പാടത്ത് പാറിടുന്നേ
ഉച്ചവെയിലിൽ ഉടുപ്പു മാറ്റാൻ
കറ്റയൊന്നേന്തി നടപ്പൂ മൂപ്പൻ
തമ്പ്രാന്റെ കണ്ണിൽ കാളുന്ന സൂര്യൻ
ചാത്തൻ പുലയന്റെ ചങ്കിടിച്ചേ



പറയാതെ, പറയാൻ കൊതിച്ചത്.



# വൃദ്ധന്റെ വിലാപം

കണ്ണുനീര് വറ്റി വരണ്ടു എൻ കണ്ണുകൾ
ദുഃഖത്താൽ വിറകൊണ്ടുഎൻ കപോലങ്ങൾ
ഏകാന്ത പതികനാം എൻ ദുഃഖമെല്ലാം
ആരോട് ചൊല്ലൂ
എൻ പ്രിയ ഭവനമേ
ക്രൂരമാം ജലപ്രളയ ഭ്രതത്താൽ
എൻ ഭവനവും വസ്തുവകകളും
നശിച്ചു ധൂളിയായി വെള്ളത്തിൽ
അലിഞ്ഞു ചേരവേ
കണ്ണുനീര് എൻ കൺകളിൽ
അഭയാർഥിയായി ഞാൻ ദുഃഖവും പേറി
ഇന്നിതാ ക്ഷിതിയിൽ അവശേഷിപ്പൂ
നാളെ ഞാൻ എങ്ങനെ അന്നം ഉണ്ടാക്കും
പാഥേയമാണ് എന്റെ ദൈവം

സാന്ദ്ര സാജു *8B*

# Friendship

Friendship is a tie that
attach few hearts together
Where creates a new world
of joy and happiness
Little bit of sad tears
But for a short time
The time we spend together
with jokes and laughter
The smiling faces could
realise my dreams
And stand together with me
to fulfil my dreams
The games we play
The fights we fought
The way you teased
Will remain as sweet memories
In my heart

Nandu Rajeev
*10 D*

## മരവിച്ചൊരാ സ്വപ്നം

അകലെയാണെൻ സ്വപ്നം
മരവിച്ചൊരാ സ്വപ്നം
കയ്യെത്തും ദൂരത്തിനമപ്പുറം
എത്തിപ്പിടിക്കാൻ കഴിയാതെ
ഞാൻ നോക്കിനിൽക്കുന്നു
കടൽത്തീരത്ത് എഴുതിയ വാക്കുകൾ
തിരകൾ വന്ന് മായിച്ച്കളഞ്ഞതുപോലെ
ആകാശത്തെ അമ്പിളി അമ്മാവൻ മേഘത്തിൽ
മാഞ്ഞതു പൊലെ വിണ്ണിലെ നക്ഷത്രങ്ങൾ
എന്നെ നോക്കി ചിരിക്കാതെ കണ്ണടച്ചത് പോലെ
ഒരുനാൾ ഒരുനാൾ നീയെന്നിൻ ഒരു സ്വപ്നമായി
അവശേഷിച്ച കൊണ്ട് യാത്രയായ്

*അഞ്ജന . സി. എസ്*

## പിങ്കി

ഒരിടത്ത് പിങ്കി എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു.അവളുടെ അമ്മ മീന.അച്ഛൻ ഒരു അപകടത്തിൽ മരിച്ചുപോയി.പിങ്കി പഠിക്കാൻ വളരെ മിടുക്കിയായിരുന്നു.ചെറിയ ചെറിയ ജോലികളിലൂടെ പഠിക്കാനുള്ള പണം അവൾ സ്വയം കണ്ടെത്തുമായിരുന്നു.അങ്ങനെ പിങ്കി പഠിച്ചൊരു ജോലി നേടി.ആ ജോലി ചെയ്യുമ്പോൾ അത്യാവശ്യം വീട്ടുചെലവിനുള്ള പണം മാത്രമേ കിട്ടിയിരുന്നുള്ളൂ.പിങ്കി പഠനം തുടർന്നു. ആ പരീക്ഷയിൽ ജയിച്ചാൽ നല്ല ജോലി കിട്ടുമെന്നറിഞ്ഞ പിങ്കി നന്നായി പഠിച്ച് പരീക്ഷ എഴുതി.പരീക്ഷയിൽ പിങ്കി ജയിക്കുകയും ജോലി കിട്ടുകയും ചെയ്തു.പിങ്കിക്കു കിട്ടിയ ജോലി വിദേശത്തായിരുന്നു. അമ്മയെ തനിച്ചാക്കിയിട്ട് പോകാൻ കഴിയാത്തതുകൊണ്ട് വളരെ വിഷമത്തോടെ പഴയ ജോലിയിലൂടെ തന്നെ അവൾ ജീവിതം മുന്നോട്ട് നയിച്ചു .

പിങ്കിക്ക് ഡയറി എഴുതുന്ന ശീലമുണ്ടായിരുന്നു.ഒരു ദിവസം പിങ്കിയുടെ ഡയറി നഷ്ടപ്പെട്ടു.അവൾ വിഷമിച്ചു. പിന്നീട് പണത്തിനാവശ്യം വന്നപ്പോഴെല്ലാം അമ്മ അവളോട് ദേഷ്യപ്പെട്ടു.കാരണം പിങ്കി പരീക്ഷയിൽ തോറ്റതുകൊണ്ടാണ് ജോലി കിട്ടാത്തതെന്നാണ് മീന കരുതിയത് . അമ്മ പിങ്കിയോട് ദേഷ്യപ്പെടുമ്പോൾ പിങ്കിക്ക് വളരെ വിഷമമാകും .എങ്കിലും അവൾ അമ്മയോട് ഒന്നും പറഞ്ഞില്ല .

കുറച്ചു കാലം കഴിഞ്ഞപ്പോൾ പിങ്കിക്ക് തന്റെ കാണാതായ ഡയറി കിട്ടി.ആ ഡയറിയിൽ അവൾ പരീക്ഷയിൽ ജയിച്ചതും ജോലി കിട്ടിയതും എല്ലാം കുറിച്ചിരുന്നു. അത് കാണുമ്പോഴൊക്കെ അവൾക്ക് സങ്കടം വരും . അതു കൊണ്ട് അവളത് അമ്മ കാണാതെ നശിപ്പിക്കാൻ തീരുമാനിച്ചു. പിറ്റേ ദിവസം പിങ്കി ജോലിക്ക് പോയി.അപ്പോൾ മീന പിങ്കിയുടെ ഡയറി കണ്ടു. അത് വായിച്ചു.അവൾക്ക് ജോലി കിട്ടിയതും അമ്മയെ ഓർത്ത് ജോലി ഉപേക്ഷിച്ചതും എല്ലാം മീന കണ്ടു.സങ്കടപ്പെട്ടു.പിങ്കിയോട് ദേഷ്യപ്പെട്ടതോർത്ത് അവർ വിഷമിച്ചു.പിങ്കി വന്നപ്പോൾ അമ്മ ചോദിച്ചു: “എന്തിനാ മോളെ നീ ഇതെല്ലാം മറച്ചു വെച്ചത് ".പിങ്കി അമ്മയോട് എല്ലാം പറഞ്ഞു.പിന്നീടവൾ പരീക്ഷയെഴുതി വിദേശത്തേക്കുപോയി.കൂടെ അമ്മയേയും കൂട്ടി.

# വിയർപ്പിന്റെ തൂക്കം

കർഷകന്റെ വിയർപ്പാണ പാടം...
ആ കുടിലിലെ അന്നമാണ് പാടം...
ആകുല ചിന്തകളായിരമുള്ള
ആ കുട്ടിയെ നേക്കി പുഞ്ചിരിക്കുന്ന പാടം...
          വയൽ വരമ്പിൻ തുഞ്ചത്ത്
          നേക്കുക്കുത്തിപ്പോലെ ഇരിക്കും
          കിളിയേ...നീ എവിടെപ്പോയി
          കർഷകരില്ല കിളിയില്ല വയലിൽ
          ചിന്തകൾ മാത്രം ബാക്കിവെച്ച്
മണ്ണും കൃഷിയും മറന്ന
ജനങ്ങളെ ഖിന്ന ഞാൻ
സ്മരിപ്പൂ എന്നുമെങ്ങും
          കടന്നു പോകുന്ന വർഷവും മാസവും
          കർഷകൻ മണ്ണിൽ വിടപറയും
          കത്തിച്ചണച്ച വിളക്കുപോലാപാടം
          വീടാകും പിന്നെയൊരു ഫ്ലാറ്റാകും

ആദിത്യ.ഇ

8B

## പറയാതെ, പറയാൻ കൊതിച്ചത്.



## അപ്പുവിന്റെ മാവ്

വളരെ നല്ലവനായ കുട്ടിയാണ് അപ്പു. എല്ലാവരോടും വളരെ സ്നേഹത്തിലും ബഹുമാനത്തിലും പെരുമാറുന്ന കുട്ടി ആണ് അപ്പു. അവനെ എല്ലാവർക്കും വളരെ ഇഷ്ടമാണ്. അപ്പു ഒരു ദിവസം വഴിയരികിലൂടെ നടന്നുപോകുമ്പോൾ അവന്റെ കാലിൽ ഒരു ചെടിയുടെ ഇല തട്ടി. നോക്കിയപ്പോൾ അത് ഒരു മാവിൻ തൈയ്യായിരുന്നു. അവൻ അതിനെ തന്നെ കുറേ നേരം നോക്കിയിരിന്നു. എല്ലാ ദിവസവും അവൻ മാവിൻ തൈയ്ക്ക് വെള്ളം ഒഴിക്കും. പതിയെ പതിയെ മാവിൻ തൈ വലുതാകാൻ തുടങ്ങി. തൈ വളർന്നു വലുതായി. ഒരുനാൾ മാവിൽ മാമ്പഴം ഉണ്ടായി. അവൻ വീട്ടിൽ കൊണ്ടു പോയി എല്ലാവർക്കും കൊടുത്തു.അവനും കഴിച്ചു. എത്ര തേനൂറും മാമ്പഴം അവൻ തന്നെ പറഞ്ഞു. ഇപ്പോഴും അവന് മാവിനോട് പണ്ടത്തെ പോലെ സ്നേഹമുണ്ട്.

ഗുണപാഠം:അപ്പുവിനെ പോലെത്തന്നെ നാം ഓരോരുത്തരും എല്ലാവൃക്ഷങ്ങളെയും സ്നേഹിക്കുക.

## കുഞ്ഞനും കൂട്ടുകാരിയും

മിന്നിയുടെ കൂട്ടുകാരനാണ് കുഞ്ഞൻമുയൽ. മിന്നി എവിടെപ്പോയാലും കുഞ്ഞനും ഒപ്പം കാണും. ഒരു ദിവസം കുഞ്ഞനെ കാണാതായി. “അയ്യോ!കുഞ്ഞനെവിടെ ?”. മിന്നി എല്ലായിടവും തിരഞ്ഞു. പക്ഷേ , കുഞ്ഞനെ കണ്ടില്ല. മിന്നി കരയാൻ തുടങ്ങി. അവളുടെ കരച്ചിൽ മരക്കൊമ്പിലിരുന്ന കിച്ചിക്കിളി കേട്ടു. “കരയേണ്ട , ഞാൻ കുഞ്ഞനെ കണ്ടുപിടിച്ചു തരാം.” കിച്ചി പറഞ്ഞു. മിന്നിക്ക് ആശ്വാസമായി. കിച്ചി പറന്നു പോയി പലയിടത്തും കുഞ്ഞനെ തിരഞ്ഞു.

ഒടുവിൽ തൊട്ടടുത്തുള്ള കുറ്റിക്കാട്ടിൽ അവനെ കണ്ടെത്തി. “കുഞ്ഞാ....... നിന്നെ കാണാതെ മിന്നി വിഷമിച്ചിരിക്കുകയാ. വേഗം വീട്ടിലേക്ക് വരൂ .”കിച്ചി പറഞ്ഞു. രണ്ടു പേരും കൂടി വേഗം മിന്നിയുടെ അടുത്തെത്തി.
“ക്യാരറ്റു തേടി പുറത്തിറങ്ങിയ എനിക്ക് വഴി തെറ്റി. കിച്ചിക്കിളിയാ എന്നെ രക്ഷിച്ചത്.” കുഞ്ഞൻ കിച്ചിക്ക് നന്ദി പറഞ്ഞു.മിന്നിക്കു സന്തോഷമായി.

# പ്രളയം

മാനം കറുത്തിരുണ്ടതും കടൽ ഹുങ്കാരത്തോടുകൂടി കരയിലേക്കാഗമിച്ചതും എല്ലാം പെട്ടെന്നായിരുന്നു. നമ്മുടെ മനസ്സിൽ ഇതൊക്കെ ഭീതി ജനിപ്പിച്ചെങ്കിലും ഒരിക്കലും തിരിച്ചെടുക്കാൻ പറ്റാത്ത നഷ്ടം നമുക്കീ പ്രളയം തരുമെന്ന് ആരും പ്രതീക്ഷിച്ചില്ല .

പ്രകൃതിയോട് നമ്മൾ ചെയ്ത ക്രൂരതയുടെ തിരിച്ചടിയായിട്ടാണ് പ്രളയം രൂപപ്പെട്ടത് എന്നാണ് വിലയിരുത്തൽ. ഡാമുകളിൽ ജല നിരപ്പ് സംഭരണ ശേഷിയിലും കവിഞ്ഞപ്പോൾ ഷട്ടറുകൾ തുറക്കാൻ ഉദ്യോഗസ്ഥർ നിർബന്ധിതരാവുകയായിരുന്നു.



മഴയുടെ അളവ് കൂടിയപ്പോൾ വെള്ളത്തിന്റെ വരവിനെ തടയൽ വൃഥാവിലാകുകയായിരുന്നു. ഒന്നു കണ്ണടച്ചു തുറക്കും മുമ്പ് തന്നെ ഒരു ജീവിതകാലം മുഴുവൻ അധ്വാനിച്ചു സ്വന്തം കിടപ്പാടം വരെ മലവെള്ളത്തിൽ മുങ്ങിപോകുന്ന കാഴ്ച്ചയാണ് നാം കണ്ടത്. ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കാനില്ലാത്ത അവസ്ഥ ഉണ്ടായി.

ദുരിതാശ്വാസ ക്യാമ്പുകൾ നാടിന്റെ പല ഭാഗത്തും ഉണ്ടായിരുന്നു . ക്യാമ്പുകളിൽ ജനങ്ങളെ എത്തിക്കുന്നതിൽ നാട്ടുകാരും,കേന്ദ്രസേനയും മത്സ്യത്തൊഴിലാളികളും കിണഞ്ഞു പരിശ്രമിച്ചിരുന്നു. ഹെലികോപ്റ്ററിൽ എത്തിയ കേന്ദ്ര സംഘം ഭക്ഷണവും മരുന്നും മറ്റവശ്യവസ്തുക്കളും

പറയാതെ, പറയാൻ കൊതിച്ചത്.


എത്തിക്കുന്നുണ്ടായിരുന്നു.

നിരവധി കന്നുകാലികളും മറ്റുമൃഗങ്ങളും രക്ഷപ്പെടാനാവാതെ ചത്തുപ്പോയി, വാഹനങ്ങൾ വെള്ളത്തിൽ ഒഴുകി പോയി, രക്ഷപ്പെടാനാവാതെ എത്രയോ ഗർഭിണികൾ വീടുകളിൽ കുടുങ്ങി.

എന്തൊക്കെയായാലും പ്രളയം വരുത്തി വച്ച ഈ തീരാനഷ്ടം എങ്ങനെ നികത്തുമെന്നത് പ്രവചനാതീതമാണ്.

അനന്ദ സുമേഷ്

8A



വിനായക് ബിജു
**8B**

## കൂടുമാറ്റം

ഇന്നലെ പോയപ്പോൾ കണ്ട കുന്ന്
ഇന്ന് ഫ്ലാറ്റിൽ കയറി ഡോറടച്ചു.
പുഴയതാ സ്വിംമ്മിംഗ് പൂളിൽ കുളിക്കുന്നു.
മുണ്ടും മടക്കിക്കുത്തി നടന്ന
പത്രക്കാരൻ രാജേട്ടൻ ഇന്ന്
റോയൽ എൻഫീൽഡിൽ ഫ്രീക്കായി പോകുന്നു
സഹപാഠിയാം അഖിലും,അമലും
ചങ്ക്സ് ആൻഡ് ബ്രോസായി.
ഇന്റർവെല്ലിന് ചാടിയിറങ്ങിയിരുന്ന
വാതിലില്ലാ ജനൽ കട്ടിളയെ കണ്ടപ്പോൾ
ഓൻ ചോദിക്കുവാ ഹൗ ആർ യൂഡാ ന്ന്
ലസാഗു പഠിപ്പിച്ച ബാലു മാഷിനെ കണ്ടില്ല
പകരം സ്റ്റീഫൻ ജോർജ്ജ് ഡിക്രൂസ്
ഏസ്കുകറും എൽ.സി.എമ്മും പഠിപ്പിക്കുന്നു
ശങ്കരേട്ടനടിച്ചിരുന്ന ഇരുമ്പ് മണി
അവസാന കൂട്ടബെല്ലടിച്ച് സ്കൂൾ വിട്ടു.
പകരമവിടെ കോർഗ്ഗിന്റെ ഇലക്ട്രിക്ബെല്ല് വന്നു
കൂടുമാറിയ എല്ലാവരേയും കണ്ടു പക്ഷെ
ഒരാളെ മാത്രം കണ്ടില്ല.
നെയ്യ് കൂട്ടിയ,കണ്ണിമാങ്ങചമ്മന്തിയുടെ രുചിയുള്ള
മൊരിഞ്ഞ പപ്പടകഷണമുള്ള,സ്നേഹത്തിന്റെ രുചിയുള്ള
ഉമ്മതരുന്ന,ചോറുരുളയുരുട്ടി തരുന്നയാളെ
മാത്രം കണ്ടില്ല.
കഴിഞ്ഞയാഴ്ചയാണ് കൊണ്ടാക്കിയത്
വൃദ്ധസദനത്തിൽ സീറ്റ് കുറവായിരുന്നു !!

രവിശങ്കർ.കെ 10D